പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4938** **26.06.2019-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ ആർ.ടി ഓഫീസ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ആർ.ടി. ഓഫീസ് വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | എങ്കിൽ പ്രതിമാസം എത്ര രൂപയാണ് വാടകയിനത്തിൽ ചെലവഴിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 18,467/- |
| (സി) | ഗതാഗത വകുപ്പിന് കീഴിലുള്ള നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് പ്രസ്തുത ആർ.ടി. ഓഫീസ് മാറ്റുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (സി) | നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലെ കൊമേഴ്സ്യൽ സ്പേസ് വ്യാവസായിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. മാത്രവുമല്ല, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത കോംപ്ലക്സിൽ ആർ.ടി ഓഫീസിന് സ്ഥലം അനുവദിക്കുന്നതിന് തടസ്സമുണ്ട്. എന്നാൽ, നിർമ്മാണത്തിലിരിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ സബ് ആർ.ടി ഓഫീസിന്റെ പ്രവർത്തനത്തിനായി സ്ഥലം ലഭ്യമാകുന്നതാണെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ളതായി നിലമ്പൂർ ജോയിന്റ് ആർ.ടി.ഒ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഒഴിഞ്ഞു കിടക്കുന്ന നിലമ്പൂർ കെ.എസ്.ആർ.ടി.സി. കോംപ്ലക്സിലേക്ക് ആർ.ടി. ഓഫീസ് മാറ്റിയാൽ പൊതുഖജനാവിന് നഷ്ടം വരുന്നത് ഒഴിവാക്കാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ സ്ഥലം ലഭ്യമായാലും കെ.എസ്.ആർ.ടി.സി-യ്ക്ക് വാടക നൽകേണ്ടതുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായാൽ വാടകയിനത്തിലുള്ള നഷ്ടം ഒഴിവാകും. |

സെക്ഷൻ ഓഫീസർ